# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.06.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ത്രിരാഷ്ട്ര സന്ദർശനത്തിൻറെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ക്രൊയേഷ്യയിലെത്തി. വിവിധ മേഖലകളിലെ സുപ്രധാന കരാറുകളിൽ ഇരുരാജ്യങ്ങളും ഒപ്പുവെച്ചേക്കും.
**Prime Minister Narendra Modi has arrived in Zagreb in a historic first-ever visit to Croatia; Significant agreements expected to be signed in various fields.**

2) ദേശീയപാതകളിൽ ഫാസ്റ്റ് ടാഗ് അധിഷ്ഠിത വാർഷിക പാസ് നടപ്പാക്കുമെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി.
**Government will introduce a FASTag-based Annual Pass says Union Minister Nitin Gadkari.**

3) കോഴിക്കോട് - വയനാട് തുരങ്കപാതയ്ക്ക് അനുമതി നൽകി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം.
**The Union Ministry of Environment has granted approval for the Kozhikode-Wayanad tunnel road.**

4) നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് നാളെ. വോട്ടെടുപ്പിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ.
**Voting for Nilambur Byelection will be held tomorrow. The Election Commission has announced that all arrangements for the polling have been completed.**

5) ഇന്ത്യയുടെ ആദ്യ ആൻറി സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റ് ഐഎൻഎസ് അർനാല കമ്മീഷൻ ചെയ്തു.
**Indian Navy commissions country's first Anti-Submarine Warfare Shallow Water Craft, INS Arnala in Vishakhapatnam.**

6) ഇസ്രേയൽ -ഇറാൻ സംഘർഷം രൂക്ഷം. ആക്രമണത്തിന് ഗുരുതര പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് ഇറാൻ പരമോന്നത നേതാവിൻറെ മുന്നറിയിപ്പ്.
**Iran-Israel conflict intensifies. Iran's Supreme Leader warns the attack will have serious repercussions.**

*************************

## PREZ - DEFENCE

പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിലൂടേയും, സ്വകാര്യ മേഖലയുടെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തുന്നതിലൂടെയും രാജ്യത്തിൻറെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കാൻ ശ്രമിക്കണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. വിവിധ സർവ്വീസുകളിലെ പ്രൊബേഷണർമാരുമായി രാഷ്ട്രപതി ഭവനിൽ സംവദിക്കുകയായിരുന്നു ശ്രീമതി മുർമു. പൊതു സേവന രംഗത്ത് നല്ല ഭരണം, സുതാര്യത, ഉത്തരവാദിത്തം എന്നിവയ്ക്കായ് ഉദ്യോഗസ്ഥർ പ്രവർത്തിക്കണമെന്നും രാഷ്ട്രപതി പറഞ്ഞു.

*************************

## REV.PM CROATIA VISIT

ത്രിരാഷ്ട്രസന്ദർശനത്തിൻറെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ക്രൊയേഷ്യയിലെ സാഗ്രേബിലെത്തി. ക്രൊയേഷൻ പ്രധാനമന്ത്രി ആന്ദ്രേ പ്ലെങ്കൊവ് അദ്ദേഹത്തെ

സ്വീകരിച്ചു. ക്രൊയേഷ്യൻ പ്രസിഡൻറ് സൊറാൻ മിലാനോവിച്ചുമായി ശ്രീ മോദി കൂടിക്കാഴ്ച നടത്തും. ശാസ്ത്ര സാങ്കേതിക വിദ്യ, കൃഷി, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട കരാറുകളിൽ ഇരുരാജ്യങ്ങളും ഒപ്പുവച്ചേക്കും. ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ക്രൊയേഷ്യ സന്ദർശിക്കുന്നത്. സൈപ്രസ്, കാനഡ സന്ദർശന ശേഷമാണ് പ്രധാനമന്ത്രി ക്രൊയേഷ്യയിൽ എത്തിയത്.

*********************

## PM-TRUMP CONVERSATION (INTRO)

പാകിസ്ഥാനുമായുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ മധ്യസ്ഥതയ്ക്കായി ഇന്ത്യ ഒരിക്കലും മൂന്നാം കക്ഷി സഹായം സ്വീകരിച്ചിട്ടില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിലാണ് പ്രധാനമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. ഓപ്പറേഷൻ സിന്ദൂർ, ഇന്ത്യ-അമേരിക്ക വ്യാപാര കരാർ തുടങ്ങിയ വിഷയങ്ങളും ഇരുവരും ചർച്ച ചെയ്തു. . ഭീകരവാദ പ്രവർത്തനങ്ങളെ യുദ്ധമായി തന്നെ കണക്കാക്കുമെന്നും 35 മിനിറ്റ് നീണ്ടുനിന്ന സംഭാഷണത്തിൽ പ്രധാനമന്ത്രി വ്യക്തമാക്കിയതായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി അറിയിച്ചു.

(HOLD VOICE)

*********************

## IRAN-ISRAEL

ആക്രമണ - പ്രത്യാക്രമണങ്ങളുമായി ഇസ്രേയൽ -ഇറാൻ സംഘർഷം രൂക്ഷമായി തുടരുന്നു. ടെഹ്റാനിലെ സെൻട്രിഫ്യൂജ് ഉൽപാദന കേന്ദ്രവും 50 ലധികം വ്യോമസേനാ യുദ്ധവിമാനങ്ങളും തകർത്തതായി ഇസ്രേയൽ അവകാശപ്പെട്ടു. ആക്രമണം അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയും സ്ഥിരീകരിച്ചു. യുഎസ് പിന്തുണയോടെ ഇറാനെതിരായി നടത്തുന്ന ഏതൊരു ആക്രമണത്തിനും ഗുരുതര പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന്

ഇറാൻ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമേനി മുന്നറിയിപ്പ് നൽകി.

*********************

## GOYAL UK VISIT

കേന്ദ്ര വാണിജ്യ മന്ത്രി പീയൂഷ് ഗോയലിന്റെ രണ്ടു ദിവസത്തെ യുകെ സന്ദർശനത്തിന് ഇന്ന് തുടക്കമായി. ഇന്ത്യയും യുകെയും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച കൂടുതൽ ചർച്ചകൾക്കും സാമ്പത്തിക, വ്യാപാര പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും സന്ദർശനം വഴിയൊരുക്കും. യുകെ വാണിജ്യ വ്യവസായ സെക്രട്ടറി ജോനാഥൻ റെയ്നോൾഡ്സുമായി കേന്ദ്രമന്ത്രി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും.

*********************

## FASTTAG-ANNUAL PASS

രാജ്യത്തുടനീളമുള്ള ദേശീയ പാതകളിലൂടെ സുഗമവും ചെലവ് കുറഞ്ഞതുമായ യാത്ര സാധ്യമാക്കുന്നത് ലക്ഷ്യമിട്ട് ഫാസ് ടാഗ് അധിഷ്ഠിത വാർഷിക പാസ് നടപ്പാക്കാൻ കേന്ദ്ര സർക്കാർ. വാണിജ്യേതര സ്വകാര്യ വാഹനങ്ങൾക്ക് ഈ വർഷം ഓഗസ്റ്റ് 15 മുതൽ 3,000 രൂപയുടെ വാർഷിക പാസ് ലഭ്യമാകും. ഒരു വർഷത്തേക്ക് അല്ലെങ്കിൽ 200 യാത്രകൾ വരെ പാസ് ഉപയോഗിക്കാം. രാജ് മാർഗ് യാത്ര ആപ്പ്, NHAI യുടെയും ഗതാഗത മന്ത്രാലയത്തിൻറെയും ഔദ്യോഗിക വെബ്സൈറ്റുകൾ എന്നിവ വഴി പാസെടുക്കാമെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി അറിയിച്ചു.

*********************

## NAVY-INS ARNALA

ഇന്ത്യയുടെ ആദ്യ ആൻറി സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റ് ഐഎൻഎസ് അർനാല നാവിക സേനയുടെ ഭാഗമായി. വിശാഖപട്ടണത്ത് നടന്ന കമ്മീഷനിങ് ചടങ്ങിൽ സംയുക്ത സൈനിക മേധാവി അനിൽ ചൗഹാൻ അധ്യക്ഷനായിരുന്നു. നാവിക സേനയുടെ ഭാഗമാകുന്ന

16 ആൻറി സബ്മറൈൻ യുദ്ധക്കപ്പലുകളിൽ ആദ്യത്തേതാണ് അർനാല. ആത്മനിർഭർ ഭാരതിൻറെ ഭാഗമായി കപ്പലിൻറെ 80 ശതമാനം ഭാഗങ്ങളും തദ്ദേശീയമായാണ് വികസിപ്പിച്ചിരിക്കുന്നത്.

*********************

## Jitendra Singh- 11 years

ഏകീകൃത പെൻഷൻ സംവിധാനത്തിന് കീഴിലുള്ള സർക്കാർ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്. കഴിഞ്ഞ 11 വർഷത്തിൽ നടപ്പാക്കിയ ഭരണപരിഷ്ക്കാരങ്ങൾ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ വിശദീകരിക്കുകയായിരുന്നു അദ്ദേഹം. വിരമിക്കൽ ആനുകൂല്യങ്ങളിൽ തുല്യത കൊണ്ടുവരാനും എല്ലാ വിഭാഗം ജീവനക്കാർക്കും സാമൂഹിക സുരക്ഷ ഉറപ്പാക്കാനും സാധിക്കുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

*********************

## Gujarat Plane Crash

അഹമ്മദാബാദ് വിമാനപകടത്തിൽ ഡി എൻ എ പരിശോധനയിലൂടെ ഇതുവരെ 206 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു. 169 മൃതദേഹങ്ങൾ ബന്ധുക്കൾക്ക് കൈമാറിയതായി അഹമ്മദാബാദ് സിവിൽ ആശുപത്രി അധികൃതർ അറിയിച്ചു. ഡിഎൻഎ സാമ്പിളുകളുടെ പരിശോധന ഏകദേശം പൂർത്തിയായതായും ഗുജറാത്ത് സർക്കാർ വ്യക്തമാക്കി.

*********************

## Kozhikode - Wayanad Tunnel

കോഴിക്കോട് - വയനാട് നിർദിഷ്ട നാലുവരി തുരങ്കപാതയ്ക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൻറെ അനുമതി. ആനക്കാംപൊയിൽ – കള്ളാടി–മേപ്പാടി തുരങ്ക പാതയുടെ പ്രവൃത്തി വ്യവസ്ഥകൾ പാലിച്ച് കൊണ്ട് നടപ്പിലാക്കാൻ വിദഗ്ദ സമിതി ശുപാർശ ചെയ്തിരുന്നു. അനുമതി ലഭിച്ചതോടെ കരാർ ഒപ്പിട്ട് തുരങ്ക പാതയുടെ നിർമാണം ആരംഭിക്കാനാകും. പൊതുമരാമത്ത് വകുപ്പ്, കിഫ്ബി, കൊങ്കൺ റെയിൽവേ എന്നിവ

സംയുക്തമായാണ് കരാറിൽ ഒപ്പിടുക. നിർമ്മാണോദ്ഘാടനം ജൂലൈയിൽ മുഖ്യമന്ത്രി നിർവ്വഹിക്കും.

*********************

## NILAMBUR

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിലെ

വോട്ടെടുപ്പ് നാളെ. മണ്ഡലത്തിൽ ഇന്ന് നിശബ്ദ

പ്രചാരണമായിരുന്നു. വോട്ടെടുപ്പിനായുള്ള എല്ലാ

തയ്യാറെടുപ്പുകളും പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷണർ

അറിയിച്ചു. എൽഡിഎഫിൻറെ എം സ്വരാജ്, യുഡിഎഫിൻറെ ആര്യാടൻ ഷൗക്കത്ത്, എൻഡിഎയുടെ മോഹൻ ജോർജ്, സ്വതന്ത്ര സ്ഥാനാർത്ഥി പി.വി അൻവർ എന്നിവരാണ് മത്സര രംഗത്തെ പ്രമുഖർ. പി വി അൻവർ എം.എൽ എ സ്ഥാനം രാജി വച്ചതിനെ തുടർന്നാണ് നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പ്

പ്രഖ്യാപിച്ചത്. ഈ മാസം 23 നാണ് വോട്ടെണ്ണൽ.

*********************

## PETROL PUMP-HIGH COURT

സ്വകാര്യ പെട്രോൾ പമ്പുകളിലെ ശുചിമുറികൾ പൊതു ശുചിമുറികൾ അല്ലെന്ന്

കേരള ഹൈക്കോടതി. പമ്പുകളിലെ ശൗചാലയങ്ങൾ പൊതുജന ങ്ങൾക്ക് ഉപയോഗിക്കാൻ അനുവദിക്കണമെന്ന് സംസ്ഥാന സർക്കാരും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനും നിർബന്ധിക്കരുതെന്നും കോടതി ഇടക്കാല ഉത്തരവിൽ

പറയുന്നു. ഉപഭോക്താക്കളുടെ അടിയന്തര ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്ന സ്വകാര്യ ടോയ്‌ലറ്റുകൾ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ

നിർബന്ധിതരാകുന്നതായി പെട്രോളിയം ട്രേഡേഴ്സ് വെൽഫെയർ ആൻഡ് ലീഗൽ സർവീസ് സൊസൈറ്റിയും മറ്റ്

അഞ്ച് പെട്രോളിയം റീട്ടെയിലർമാരും സമർപ്പിച്ച ഹർജിയിൽ ആരോപിച്ചു.

*********************

## CM

കേരളത്തിൽ ലഹരി വിരുദ്ധ ക്യാമ്പയിൻ ശക്തമാക്കാൻ വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്യതായി മുഖ്യമന്ത്രി പിണറായി വിജയൻ. അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായ ജൂൺ 26ന് ക്യാമ്പയിൻ്റെ സംസ്ഥാന തല ഉദ്ഘാടനം നടക്കുമെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ അറിയിച്ചു. ജനുവരി 30 വരെ നീളുന്ന ക്യാമ്പയിനിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ലഹരി മുക്ത പരിപാടികൾ ശക്തമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

*********************

## RAIN KERALA

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും തിരുവനന്തപുരം, കൊല്ലം, പാലക്കാട് ഒഴികെയുള്ള ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. കനത്ത മഴയെ തുടർന്ന് കുട്ടനാട് താലൂക്ക് പരിധിയിലെ പ്രൊഫഷണൽ കോളേജുകൾ ഒഴികെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി നൽകി. മുൻ നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല. കേരള- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും കർണാടക തീരത്ത് ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

*********************

## SHIVRAJ-CAMPAIGN (INTRO)

കാർഷിക ഗവേഷണം, വിപുലീകരണം, വികസനം എന്നിവയുടെ സംയോജനമാണ് വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ്റെ ലക്ഷ്യമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. 13.4 കോടി കർഷകരെ നേരിട്ട് ഉൾപ്പെടുത്തിയാണ് ഈ പരിപാടി സംഘടിപ്പിച്ചതെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

(ഹോൾഡ് വോയിസ്)

*********************

## International Yoga-Day

അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച്, ജൂൺ 21ന് ഭൂമിക്കും ഏകാരോഗ്യത്തിനും യോഗ എന്ന പ്രമേയത്തിൽ രാജ്യത്തുടനീളം ഒരു ലക്ഷത്തിലധികം യോഗ പരിപാടികൾ ആയുഷ് മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ

സംഘടിപ്പിക്കും. രാവിലെ 6:30 മുതൽ 7:40 വരെ ആയിരിക്കും പരിപാടികൾ . ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും.

*********************

## AXIOM MISSION

ഇന്ത്യയുടെ ശുഭാൻശു ശുക്ല ഉൾപ്പെട്ട

നാല് ബഹിരാകാശയാത്രികരെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് എത്തിക്കുന്നതിനുള്ള ആക്സിയം -4 ദൗത്യം ഈ മാസം 22 ലേക്ക് മാറ്റിവച്ചു. അറ്റകുറ്റ പണിക്ക്

ശേഷമുള്ള ഓർബിറ്റൽ ലാബിലെ

പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായാണ് വിക്ഷേപണ തിയതി മാറ്റിയത്.

*********************

## SENSEX -GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 139 പോയിന്റ് ഇടിഞ്ഞ് 81,445 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 41 പോയിന്റ് നഷ്ടത്തിൽ 24,812 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണ വില കൂടി. പവന് 400 രൂപ ഉയർന്ന് 74,000 രൂപയും ഗ്രാമിന് 9,250 രൂപയുമാണ് ഇന്നത്തെ വില.

*********************

**************

****